47

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഭരണഘടന
# (മുപ്പത്തഞ്ചാം ഭേദഗതി)
# ആക്റ്റ്, 1974

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില : ₹0-60

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
# (മുപ്പത്തഞ്ചാം ഭേദഗതി)
# ആക്റ്റ്, 1974

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

K0-60

# ഭരണഘടന (മുപ്പത്തഞ്ചാം ഭേദഗതി) ആക്റ്റ്, 1974

ഇൻഡോ—സിക്കിം സഹകരണവും പരസ്പര ബന്ധവും ബലപ്പെടുത്തുന്നതിനുള്ള സിക്കിം ജനതയുടെ ആഗ്രഹങ്ങൾക്കു പ്രഭാവം നല്കുന്നതിന് ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യാനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

**ചുരുക്കപ്പേരും പ്രാരംഭവും.**

1\. (1) ഈ ആക്റ്റിന്, ഭരണഘടന (മുപ്പത്തഞ്ചാം ഭേദഗതി) ആക്റ്റ്, 1974 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

**പുതിയ അനുച്ഛേദം 2 ക ചേർക്കുന്നത്.**

2\. ഭരണഘടനയുടെ 2—ാം അനുച്ഛേദത്തിനു ശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:—

**സിക്കിം യൂണിയനുമായി ബന്ധപ്പെട്ടിരിക്കുമെന്ന്.**

"2ക 10—ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള രാജ്യക്ഷേത്രങ്ങൾ ഉൾക്കൊള്ളുന്ന സിക്കിം, ആ പട്ടികയിൽ പ്രസ്താവിക്കുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും യൂണിയനുമായി ബന്ധപ്പെട്ടിരിക്കുന്നതാകുന്നു."

**80—ാം അനുച്ഛേദത്തിന്റെ ഭേദഗതി.**

3\. ഭരണഘടനയിലെ 80—ാം അനുച്ഛേദത്തിൽ (1)—ാം ഖണ്ഡത്തിൽ "രാജ്യസഭ" എന്ന വാക്കിനു പകരം "പത്താം പട്ടിക 4—ാം ഖണ്ഡികയിലെ വ്യവസ്ഥകൾക്കു വിധേയമായി, രാജ്യസഭ" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

**81—ാം അനുച്ഛേദത്തിന്റെ ഭേദഗതി.**

4\. ഭരണഘടനയിലെ 81—ാം അനുച്ഛേദത്തിലെ (1)—ാം ഖണ്ഡത്തിൽ "331—ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന

3/838/MC

വാക്കുകൾക്കും അക്കങ്ങൾക്കും പകരം "331-ാം അനുച്ഛേദത്തിലേയും പത്താം പട്ടിക 4-ാം ഖണ്ഡികയിലേയും വ്യവസ്ഥകൾക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

പത്താം പട്ടിക കൂട്ടിച്ചേർക്കുന്നത്.

5. ഭരണഘടനയുടെ ഒമ്പതാം പട്ടികയ്ക്കുശേഷം താഴെപ്പറയുന്ന പട്ടിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

### പത്താം പട്ടിക

[2 ക—യും 80 (1)—ം, 81 (1)—ം അനുച്ഛേദങ്ങൾ]

#### ഭാഗം ക

#### സിക്കിമിന്റെ രാജ്യക്ഷേത്രങ്ങൾ

സിക്കിം.

1. സിക്കിം താഴെപ്പറയുന്ന രാജ്യക്ഷേത്രങ്ങൾ ഉൾക്കൊള്ളുന്നതാകുന്നു, അതായത്:—

ഗവൺമെന്റ് ആഫ് സിക്കിം ആക്റ്റ്, 1974, പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പ് സിക്കിമിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ.

#### ഭാഗം ഖ

#### സിക്കിം യൂണിയനുമായി ബന്ധപ്പെടുന്നതിന്റെ നിബന്ധനകളും ഉപാധികളും

ഇൻഡ്യാ ഗവൺമെന്റിന്റെ ഉത്തരവാദിത്വങ്ങൾ.

2. (1) ഇൻഡ്യാഗവൺമെന്റ്—

(ക) സിക്കിമിന്റെ പ്രതിരക്ഷയ്ക്കും രാജ്യക്ഷേത്രീയാഖണ്ഡതയ്ക്കും സിക്കിമിന്റെ ബാഹ്യബന്ധങ്ങളുടെ, അവ രാഷ്ട്രീയമോ സാമ്പത്തികമോ ധനപരമോ ആയിരുന്നാലും, നടത്തിപ്പിനും ക്രമപ്പെടുത്തലിനും അനന്യമായി ഉത്തരവാദിയായിരിക്കുന്നതും;

(ഖ) അതിന് സിക്കിമിൽ റെയിൽവേകൾ, വിമാനത്താവളങ്ങൾ, വിമാനം ഇറങ്ങുന്ന സ്ഥലങ്ങളും വ്യോമ ഗതാഗത സൗകര്യങ്ങളും, പോസ്റ്റ്, ടെലഗ്രാഫ്, ടെലഫോൺ, വയർലസ്

സ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉപയോഗം ക്രമപ്പെടുത്തുന്നതിനും ഉള്ള അനന്യമായ അവകാശം ഉണ്ടായിരിക്കുന്നതും;

(ഗ) അത് സിക്കിമിൻെറ സാമ്പത്തികവും സാമൂഹ്യവുമായവികസനം സംപ്രാപ്തമാക്കുന്നതിനും, അവിടെ സൽഭരണം ഉറപ്പുവരുത്തുന്നതിനും സാമുദായിക സൗഹാർദ്ദം നിലനിറുത്തുന്നതിനും ഉത്തരവാദി ആയിരിക്കുന്നതും;

(ഘ) ഇൻഡ്യയുടെ പൗരൻമാർക്ക് ലഭ്യമാകുന്നതിനു തുല്യമായി, സിക്കിമിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഇൻഡ്യയിലെ സ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും, സിക്കിമിൽനിന്നുള്ള ജനങ്ങളെ (അഖിലേൻഡ്യാ സർവ്വീസുകൾ ഉൾപ്പെടെ) ഇൻഡ്യയിലെ പബ്ലിക്ക് സർവ്വീസുകളിൽ നിയോഗിക്കുന്നതിനും ഉത്തരവാദി ആയിരിക്കുന്നതും;

(ങ) സിക്കിമിലെ ജനങ്ങൾ ഇൻഡ്യയുടെ രാഷ്ട്രീയ സ്ഥാപനങ്ങളിൽ പങ്കെടുക്കുന്നതിനും, അവയിലെ അവരുടെ പ്രാതിനിധ്യത്തിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് ഉത്തരവാദി ആയിരിക്കുന്നതും ആകുന്നു.

(2) ഈ ഖണ്ഡികയിൽ അടങ്ങിയ വ്യവസ്ഥകൾ ഏതെങ്കിലും കോടതിക്കു പ്രാവർത്തികമാക്കാവുന്നതായിരിക്കുന്നതല്ല.

രാഷ്ട്രപതി ചില അധികാരങ്ങൾ പ്രയോഗിക്കുന്നത്.

3. രാഷ്ട്രപതിക്ക് സാമാന്യമോ, പ്രത്യേകമോ, ആയ ഉത്തരവു വഴി—

(ക) ഇൻഡ്യയിലെ ആസൂത്രണാധികാരസ്ഥാനം, ഇൻഡ്യയുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ, ആ അധികാരസ്ഥാനത്തിൻെറ സീമയിൽ സിക്കിമിൻെറ ആസൂ

ത്രിതവികസനം ഉറപ്പെടുത്തുന്നതിനും അങ്ങനെയുള്ള പ്രവൃത്തിയിൽ സിക്കിമിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരെ സമുചിതമായി ബന്ധപ്പെടുത്തുന്നതിനും;

(ഖ) ഗവൺമെൻറ് ആഫ് സിക്കിം ആക്ററ്, 1974—ൻ കീഴിൽ സിക്കിമിലോ സിക്കിം സംബന്ധിച്ചോ, ഇൻഡ്യാ ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുള്ളതോ നിക്ഷിപ്തമാക്കാനുദ്ദേശിച്ചിട്ടുള്ളതോ ആയ എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കുന്നതിനും, വ്യവസ്ഥ ചെയ്യാവുന്നതാണ്.

**പാർലമെൻറിലെ പ്രാതിനിധ്യം.**

4. ഈ ഭരണഘടനയിൽ എന്തുതന്നെയായിരുന്നാലും—

(ക) സിക്കിമിന് രാജ്യസഭയിൽ ഒരൊററ സ്ഥാനവും ലോകസഭയിൽ ഒരൊററ സ്ഥാനവും തിരിച്ചു വയ്ക്കേണ്ടതാണ്;

(ഖ) രാജ്യസഭയിലെ സിക്കിമിൻെറ പ്രതിനിധി, സിക്കിം അസംബ്ലിയിലെ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ഗ) ലോകസഭയിലെ സിക്കിമിൻെറ പ്രതിനിധി, നേരിട്ടുള്ള തിരഞ്ഞെടുപ്പുവഴി വരണം ചെയ്യപ്പെടേണ്ടതും ഈ ആവശ്യത്തിന് സിക്കിം മുഴുവനും, സിക്കിമിനുള്ള പാർലമെൻററി നിയോജകമണ്ഡലം എന്നു പേർ പറയപ്പെടേണ്ട ഒരൊററ പാർലമെൻററി നിയോജകമണ്ഡലം ആകുന്നതും ആണ്:

എന്നാൽ, ഭരണഘടന (മുപ്പത്തഞ്ചാം ഭേദഗതി) ആക്ററ്, 1974—ൻെറ പ്രാരംഭത്തിൽ നിലവിലുള്ള ലോകസഭയിലെ സിക്കിമിൻെറ പ്രതിനിധി സിക്കിം അസംബ്ലിയിലെ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ഘ) സിക്കിമിനുള്ള പാർലമെൻററി നിയോജകമണ്ഡലത്തിന് ഒരൊററ പൊതുതെരഞ്ഞെടുപ്പ് പട്ടിക ഉണ്ടായിരിക്കേണ്ടതും, ഗവൺമെൻറ് ആഫ് സിക്കിം ആക്ററ്, 1974-ൻ കീഴിൽ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടികയിൽ തൽസമയം പേരു ചേർത്തിട്ടുള്ള ഏതൊരു ആരംക്കും, സിക്കിമിനുള്ള പാർലമെൻററി നിയോജകമണ്ഡലത്തിനുള്ള പൊതുതിരഞ്ഞെടുപ്പ് പട്ടികയിൽ രജിസ്ററർചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുതാണ്;

(ങ) ഒരാരം സിക്കിം അസംബ്ലിയിലെ ഒരു സ്ഥാനം പൂരിപ്പിക്കുന്നതിലേക്ക് വരണം ചെയ്യപ്പെടുന്നതിനുകൂടി യോഗ്യതയുള്ളവനല്ലാത്തപക്ഷം, അയാരംക്ക് രാജ്യസഭയിലോ ലോകസഭയിലോ സിക്കിമിൻെറ പ്രതിനിധി ആകാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും പ്രതിനിധിയുടെ സംഗതിയിൽ—

(i) 84—ാം അനുച്ഛേദത്തിലെ (ക) ഖണ്ഡം ''ഇൻഡ്യയിലെ ഒരു പൗരനായിരിക്കുകയും'' എന്ന വാക്കുകരം അതിൽനിന്നു വിട്ടുകളഞ്ഞിരുന്നാലെന്നപോലെ ബാധകമാകുന്നതും;

(ii) 101-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം അതിൽനിന്ന് (ക) ഉപഖണ്ഡം വിട്ടുകളഞ്ഞിരുന്നാലന്നെപോലെ ബാധകമാകുന്നതും;

(iii) 102-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിലെ (ഘ) ഉപഖണ്ഡം ''ഇൻഡ്യയിലെ ഒരു പൗരനല്ലാതിരിക്കുകയോ'' എന്ന വാക്കുകരം അതിൽനിന്നു വിട്ടുകളഞ്ഞിരുന്നാലെന്നപോലെ ബാധകമാകുന്നതും;

(iv) 103—ാം അനുച്ഛേദം ബാധകമാകുന്നതല്ലാത്തതും;

ആകുന്നു.

(ച) രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പു സംബന്ധിച്ചതൊഴികെയുള്ള ഭരണഘടനയുടെ എല്ലാ ആവശ്യങ്ങൾക്കും, രാജ്യസഭയിലേയോ ലോകസഭയിലേയോ സിക്കിമിന്റെ ഏതു പ്രതിനിധിയും, അതാതു സംഗതിപോലെ, രാജ്യസഭയിലേയോ ലോകസഭയിലേയോ അംഗമായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രതിനിധിയുടെ സംഗതിയിൽ, 101–ാം അനുച്ഛേദത്തിലെ (2)–ാം ഖണ്ഡം, ''ഒരു സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു സഭയിലേയും'' എന്ന വാക്കുകൾക്കു പകരം, അവ കാണപ്പെടുന്ന രണ്ടു സ്ഥലങ്ങളിലും ''സിക്കിം അസംബ്ലിയിലേയും'' എന്ന വാക്കുകളും ''സ്റേററ് നിയമനിർമ്മാണ മണ്ഡലത്തിൽനിന്ന്'' എന്ന വാക്കുകൾക്കു പകരം, ''സിക്കിം അസംബ്ലിയിൽനിന്ന്'' എന്ന വാക്കുകളും ചേർത്തിരുന്നാലെന്നപോലെ ബാധകമാകുന്നതാകുന്നു;

(ഛ) രാജ്യസഭയിലേയോ ലോകസഭയിലേയോ അംഗമായിരിക്കെ, സിക്കിമിന്റെ ഒരു പ്രതിനിധി സിക്കിം അസംബ്ലിയിലെ അംഗം ആയിരിക്കുന്നതിനോ, അല്ലെങ്കിൽ രാജ്യസഭയിലേയോ ലോകസഭയിലേയോ സിക്കിമിന്റെ പ്രതിനിധി ആയിരിക്കുന്നതിനോ, ഏതെങ്കിലും വിധത്തിലുള്ള അയോഗ്യതയ്ക്ക് വിധേയനാകുന്നുവെങ്കിൽ, അതാതു സംഗതിപോലെ, രാജ്യസഭയിലേയോ ലോകസഭയിലേയോ അംഗമെന്ന നിലയിലുള്ള അയാളുടെ സ്ഥാനം അതോടെ ഒഴിവായിത്തീരുന്നതാകുന്നു;

(ജ) രാജ്യസഭയിലേയോ ലോകസഭയിലേയോ അംഗമായിരിക്കെ സിക്കിമിന്റെ ഒരു പ്രതിനിധി, ഈ ഖണ്ഡികയിലെ (ഛ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, പ്രശ്നം

രാഷ്ട്രപതിയുടെ തീരുമാനത്തിന് അയച്ചുകൊടുക്കേണ്ടതും, അദ്ദേഹത്തിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നല്കുന്നതിനു മുമ്പ്, രാഷ്ട്രപതി തിരഞ്ഞെടുപ്പു കമ്മീഷൻെറ അഭിപ്രായം നേടുകയും, അങ്ങനെയുള്ള അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു;

(ഢ) ഈ ഖണ്ഡികയിൻകീഴിൽ പാർലമെൻറിലേയ്ക്കുള്ള സിക്കിമിൻെറ പ്രതിനിധികളുടെ തിരഞ്ഞെടുപ്പുകൾക്കു വേണ്ട തിരഞ്ഞെടുപ്പു പട്ടികകൾ തയ്യാറാക്കുന്നതിൻേറയും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിൻേറയും മേലന്വേഷണവും, മാർഗ്ഗനിദേശനവും, നിയന്ത്രണവും, തിരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതും, 324-ാം അനുച്ഛേദത്തിലെ (2)-ം, (3)-ം, (4)-ം, (6)-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ, ആകുന്നത്ര അങ്ങനെയുള്ള എല്ലാ തിരഞ്ഞെടുപ്പുകൾക്കും തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചും ബാധകമായിരിക്കുന്നതും ആകുന്നു;

(ണ) പാർലമെൻറിന്, ഈ ഖണ്ഡികയിലെ വ്യവസ്ഥകൾക്കു വിധേയമായി, പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമുള്ള, അങ്ങനെയുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ചതോ അവയോട് ബന്ധപ്പെട്ടതോ ആയ എല്ലാ വിഷയങ്ങൾ സംബന്ധിച്ചും നിയമം മുഖേന അപ്പോഴപ്പോൾ വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്;

(ത) പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമുള്ള അങ്ങനെയുള്ള യാതൊരു തിരഞ്ഞെടുപ്പും, പാർലമെൻറ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമമോ നിയമത്തിൻകഴിലോ വ്യവസ്ഥ ചെയ്യുന്ന അധികാരസ്ഥാനത്തിനു•

രീതിയിലും ബോധിപ്പിക്കുന്ന ഒരു തിരഞ്ഞെടുപ്പ് ഹർജിവഴിയൊഴികെ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഖണ്ഡികയിൽ ''സിക്കിം അസംബ്ലി'' എന്ന പദപ്രയോഗത്തിന്, ഗവൺമെൻറ് ആഫ് സിക്കിം ആക്ററ്, 1974-ൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള സിക്കിമിന് വേണ്ടിയുള്ള അസംബ്ലി എന്ന് അർത്ഥമുണ്ടായിരിക്കുന്നതാകുന്നു.

കരാറുകൾ മുതലായവയ്ക്ക് പട്ടിക ന്യൂനത വരുത്തുന്നതല്ലെന്ന്.

5. ഈ പട്ടികയിലെ വ്യവസ്ഥകൾ, ഇൻഡ്യാ ഗവൺമെൻറിന് സിക്കിമിലോ, സിക്കിം സംബന്ധിച്ചോ, ഏതെങ്കിലും കരാറിനോ, ഗ്രാൻറിനോ, വഴക്കത്തിനോ അനുമതിക്കോ, അല്ലെങ്കിൽ മററു നിയമാനുസൃതമായ ഏർപ്പാടിനോ കീഴിൽ ഉള്ളതോ ഉണ്ടാകുന്നതോ ആയ മറേറതെങ്കിലും അധികാരത്തിനും, അധികാരിതയ്ക്കും, അവകാശങ്ങൾക്കും പ്രാധികാരത്തിനും പുറമേയായുള്ളതും, അവയ്ക്ക് ന്യൂനത വരുത്താത്തതും ആയിരിക്കുന്നതാകുന്നു.

---